STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.343/PR/SPMC/PHQ/2025 Date: 25.10.2025

## തിരുവനന്തപുരം സിറ്റി പോലീസ് സംഘടിപ്പിക്കുന്ന കൂട്ടയോട്ടം നാളെയാണ്

പോലീസ് സ്മൃതി ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസ് സംഘടിപ്പിക്കുന്ന കൂട്ടയോട്ടം (Run for the Martyrs) നാളെ (26.10.2025) രാവിലെ ഏഴ് മണിക്ക് മാനവീയം വീഥിയിൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് തിരുവനന്തപുരം സിറ്റി ഫറാഷ് റ്റി ഫ്ളാഗ് ഓഫ് ചെയ്യും.

മാനവീയം വീഥിയിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം പാളയം രക്തസാക്ഷി മണ്ഡപത്തിൽ സമാപിക്കും. ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർ, സ്കൂളുകളിൽ നിന്നുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ തുടങ്ങിയവർ കൂട്ടയോട്ടത്തിന്റെ ഭാഗമാകും. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ജീവൻ വെടിഞ്ഞ പോലീസ് ഉദ്യോഗസ്ഥരോടുള്ള ആദരസൂചകമായാണ് എല്ലാ വർഷവും പോലീസ് സ്മൃതിദിനം ആചരിച്ചു വരുന്നത്.

************************